بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 09.10.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്- II

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ(അയ്യദഹുല്ലാഹ്) പറഞ്ഞു,
കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് അബൂ ഉബയ്ദയെ സംബന്ധിച്ച അനുസ്മരണമായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് അതിന്റെ ബാക്കിഭാഗം വിവരിക്കുന്നതാണ്. ഹിജ്റ 15 ൽ സിറിയയിലെ ഏറ്റവും വലിയ യുദ്ധം യർമൂക്ക് താഴ്‌വരയിൽ യർമൂക്ക് നദിക്കരയിലാണ് ഉണ്ടായത്.
റോമക്കാർ രണ്ടരലക്ഷത്തോളം യോദ്ധാക്കളുമായി രണാങ്കണത്തിൽഎത്തി. മുസ്‌ലിംകളുടെ എണ്ണം കേവലം മുപ്പതിനായിരത്തോളമായിരുന്നു. അതിൽ ആയിരം പേർ തിരുനബി(സ)ന്റെ സ്വഹാബാക്കൾ ആയിരുന്നു. അവരിൽ നൂറോളം പേർ ബദ്‌രീ സ്വഹാബാക്കളും ആയിരുന്നു. റോമൻ പടത്തലവൻ, ജോർജ് എന്ന് പേരുള്ള ഒരു ദൂതനെ ഇസ്‌ലാമിക സൈന്യത്തിന്റെ അടുക്കലേക്ക് അയച്ചു. ഇയാൾ മുസ്‌ലിംസൈന്യത്തിന്റെ അടുത്ത് എത്തിയപ്പോൾ മുസ്‌ലിംകൾ മഗ്‌രിബ് നമസ്കാരം അനുഷ്ഠിക്കുകയായിരുന്നു. മുസ്‌ലിംകൾ ഭയഭക്തിയോടുകൂടി അല്ലാഹുവിന്റെ മുന്നിൽ സുജൂദ് ചെയ്യുന്നത് കണ്ടു. അത് അയാളെ ഹഠാദാകർഷിച്ചു. അയാൾ ഹദ്റത്ത് അബൂ ഉബയ്ദയോട് ചില കാര്യങ്ങൾ ചോദിച്ചു, അവയിൽ ഒന്ന് ഹദ്റത്ത് ഈസാ(അ)നെ സംബന്ധിച്ച് നിങ്ങളുടെ വീക്ഷണം എന്താണ് എന്നതായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ വിശുദ്ധ ഖുർആനിലെ ആയത്ത് പാരായണം ചെയ്തു. അതിന്റെ അർഥം ഇപ്രകാരമാണ്,
അതായത്, ഗ്രന്ഥാനുസാരികളേ! നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം കാണിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. നിശ്ചയമായും മറിയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മറിയമിന് ഇറക്കിക്കൊടുത്ത വചനവും അവന്റെ പക്കൽ നിന്നുള്ള ആത്മാവും ആകുന്നു. ആയതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ മൂന്ന് എന്ന് പറയരുത്. നിങ്ങൾ പിൻവാങ്ങുക. അതിലാണ് നിങ്ങൾക്ക് നന്മയുള്ളത്. തീർച്ചയായും അല്ലാഹ ു തന്നെയാണ് ഒരേയൊരു ആരാധ്യൻ. അവൻ മക്കൾ ഉണ്ടാകുന്നതിൽ നിന്നും പരിശുദ്ധനത്രെ! ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെതാകുന്നു. രക്ഷാകർത്താവായി അല്ലാഹു മതിയായവൻ ആകുന്നു. (4:172)
തുടർന്ന് അടുത്ത ആയത്ത് അദ്ദേഹം പാരായണം ചെയ്തു:

لَنْ يَّسْتَنْكِفَ الْمَسِيْحُ اَنْ يَّكُوْنَ عَبْدًا لِّلّٰهِ وَلَا الْمَلٰٓئِكَةُ الْمُقَرَّبُوْنَ

(4:173)
താൻ അല്ലാഹുവിന്റെ ദാസനായിരിക്കുന്നതിനെ മസീഹ് ഒരിക്കലും അവജ്ഞയോടെ കാണുകയില്ല. ദൈവസാമീപ്യമുള്ള മലക്കുകളും അത് മോശമായി ഗണിക്കുന്നതല്ല. ജോർജ് വിശുദ്ധ ഖുർആന്റെ ഈ പാഠങ്ങൾ കേട്ടപ്പോൾ ഉച്ചൈസ്തരം പറഞ്ഞു: തീർച്ചയായും ഇതുതന്നെയാണ് മസീഹിന്റെ സവിശേഷതകൾ. നിങ്ങളുടെ പ്രവാചകൻ സത്യവാനാകുന്നു.അങ്ങനെ പ്രതിനിധിയായി വന്ന ആൾ മുസ്‌ലിമായിമാറി. ക്രിസ്ത്യൻ സൈന്യത്തെയും ഹദ്റത്ത് അബൂ ഉബയ്ദ ഇസ്‌ലാമിലേക്ക് ക്ഷണിച്ചെങ്കിലും ഫലമൊന്നുമുണ്ടായില്ല. യുദ്ധത്തിന് തയ്യാറെടുപ്പുകൾ തുടങ്ങി. ഹദ്റത്ത് അബൂഉബയ്ദ യുദ്ധത്തിനു മുൻപ് മുസ്‌ലിം സൈന്യത്തെ ആവേശപൂർവം സംബോധന ചെയ്തു കൊണ്ട് പറഞ്ഞു: ദൈവദാസന്മാരെ! ദൈവികസഹായത്തിനായി മുന്നേറുക. അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾക്ക് സ്ഥൈര്യം നൽകുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ ദാസന്മാരെ! നിങ്ങൾ സഹനം കൈക്കൊള്ളുക. കുഫറിൽ നിന്ന് മോചനത്തിനുള്ള മാർഗവും അല്ലാഹുവിനെ തൃപ്തനാക്കാനുള്ള ഉപായവും ന്യൂനതകളെ മായിക്കുന്ന സംഗതിയും സഹനം തന്നെയാണ്. നിങ്ങളുടെ അണികളെ ശിഥിലമാക്കരുത്. യുദ്ധം നിങ്ങളായിട്ട് ആരംഭിക്കരുത്. അമ്പുകൾ കൊണ്ട് ഉന്നം പിടിക്കുകയും പരിചകൾ സംരക്ഷിക്കുകയും ചെയ്യുക. അധരങ്ങളിൽ ദൈവസ്മരണ നിലനിർത്തുക. അങ്ങനെയായാൽ അല്ലാഹുവും തന്റെ ആഗ്രഹം നടപ്പിൽ വരുത്തുന്നതാണ്. നിഷേധികളുടെ ഈ സൈന്യം സമുദ്രത്തിലെ തിരമാലകൾ കണക്കെ മുന്നോട്ട് ഗമിച്ചു. തുടക്കത്തിൽ റോമാക്കാരുടെ ഭാഗത്താണ് വിജയം കണ്ടത്. അവർ മുസ്‌ലിംകളെ പിന്നിലേക്ക് നീക്കിക്കൊണ്ടിരുന്നു. ക്രിസ്ത്യാനികൾ കുറച്ചു അമ്പെയ്ത്തിൽ പ്രാവീണ്യമുള്ളവരെ

നിയോഗിക്കുകയും സ്വഹാബാക്കളെ പ്രത്യേകമായും കുറിമാനമാക്കാൻ അവർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. വലിയ വലിയ ആളുകൾ കൊല ചെയ്യപ്പെട്ടപ്പോൾ പിന്നെ ബാക്കിയുള്ള സൈനികരുടെ ഇച്ഛാശക്തി ക്ഷയിക്കുമെന്നും അങ്ങനെ അവർ യുദ്ധമൈതാനത്തിൽ നിന്ന് പിന്തിരിഞ്ഞോടുമെന്നും ശത്രുക്കൾക്ക് അറിയാമായിരുന്നു. ഏതായാലും അതിന്റെ പരിണിതിയിൽ നിരവധി സ്വഹാബാക്കൾ വധിക്കപ്പെടുകയും പലരുടെയും കണ്ണുകൾ നഷ്ടപ്പെടുകയും ചെയ്തു. ഈ അവസ്ഥ കണ്ടപ്പോൾ ഇക്രിമ ഹദ്റത്ത് അബൂ ഉബയ്ദയുടെ സവിധത്തിലെത്തി പറഞ്ഞു: സ്വഹാബാക്കൾ വലിയ സേവനങ്ങൾ ചെയ്തു കഴിഞ്ഞവരാണ്. ഇനി പിന്നീട് വന്ന ഞങ്ങൾക്ക് പുണ്യം കരസ്ഥമാക്കാനുള്ള അവസരം തന്നാലും. ഞങ്ങൾ ശത്രു സൈന്യത്തിന്റെ ഹൃദയഭാഗത്തെ അതായത് മധ്യനിരയെ ആക്രമിക്കുന്നതും ക്രിസ്ത്യൻ സൈന്യാധിപന്മാരെ വധിക്കുകയും ചെയ്യുന്നതാണ്.

ഹദ്റത്ത് അബൂഉബയ്ദ പറഞ്ഞു: ഇത് വളരെ അപകടകരമായ കാര്യമാണ്. ഇങ്ങനെ നമ്മുടെ സകല യുവാക്കളും വധിക്കപ്പെടുന്നതാണ്. ഇക്രിമ പറഞ്ഞു: അത് ശരിയാണ്, പക്ഷേ അതല്ലാതെ മറ്റു മാർഗങ്ങളൊന്നും ഇല്ല. അവസാനം ഹദ്റത്ത് അബൂഉബയ്ദ, അദ്ദേഹം ശാഠ്യം പിടിക്കുന്നത് കണ്ടപ്പോൾ അനുമതി നൽകി.

അങ്ങനെ അവർ സൈന്യത്തിന്റെ മധ്യനിരയെ ആക്രമിച്ചു അവരെ പരാജിതരാക്കി. പക്ഷേ ആ യുദ്ധത്തിൽ നിരവധി യുവാക്കൾ ശഹീദാക്കപ്പെട്ടു.

മുസ്ലിംകൾ റോമക്കാരെ അവരുടെ കിടങ്ങിലേക്ക് പിന്തള്ളിക്കൊണ്ട് പോയി. അത് റോമാക്കാർതന്നെ തങ്ങൾക്ക് പിന്നിൽ തയ്യാറാക്കിയതായിരുന്നു. ഓടി പോകാതിരിക്കാൻ അവർ തങ്ങളുടെ കാലുകൾ ബന്ധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവർ ഒന്നൊന്നായി കിടങ്ങിലേക്ക് വീണുകൊണ്ടിരുന്നു. ഒരാൾ വീഴുമ്പോൾ അയാൾ പത്തുപേരേയും കൊണ്ടാണ് വീണിരുന്നത്. 80,000 ശത്രുക്കൾ പിന്നിലേക്ക് നീങ്ങി. യർമൂക്ക് നദിയിൽ വീണ് മുങ്ങിമരിച്ചു. ഒരുലക്ഷം റോമക്കാരെ മുസ്ലിംകൾ യുദ്ധമൈതാനത്ത് വധിക്കുകയുണ്ടായി. മൂവായിരത്തോളം മുസ്ലിംകളും ശഹീദായി. ഇതാണ് യർമൂക്ക് യുദ്ധം

യർമൂക്ക് വിജയത്തിനു ഏതാനും ദിവസങ്ങൾക്കു മുമ്പ് ഹദ്റത്ത് ഉമർ സിറിയയുടെ സൈനിക നേതൃത്വവും ഹദ്റത്ത് അബൂഉബയ്ദയെ ഏൽപ്പിച്ചു.

ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ആ സമയത്ത് സൈനാധിപനായിരുന്നു. അങ്ങനെ മുസ്ലിംകൾക്ക് വിജയം ലഭിച്ചു. ഹദ്റത്ത് ഖാലിദിന്റെ സൈന്യം ഇറാക്കിലേക്ക് തിരികെ പോകാൻ ഒരുങ്ങി. ഹദ്റത്ത് ഖാലിദ് തിരിച്ച് പോകുമ്പോൾ ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഈ ഉമ്മത്തിലെ അമീൻ (വിശ്വസ്തൻ) അതായത് ഹദ്റത്ത് അബൂ ഉബയ്ദ, നിങ്ങളുടെ മേൽനോട്ടക്കാരൻ ആണെന്നതിൽ നിങ്ങൾ സന്തുഷ്ടരായിരിക്കുക. അപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു: ഖാലിദ് ബിൻ വലീദ് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണെന്ന് തിരുനബി(സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ചുരുക്കത്തിൽ ഇങ്ങനെ സ്നേഹാദരവിന്റെ അന്തരീക്ഷത്തിൽ ഇരു സൈന്യാധിപന്മാരും പിരിഞ്ഞു പോവുകയുണ്ടായി.

ഹുസൂർ അൻവർ പറയുന്നു: ഇതാണ് വിശ്വാസിയുടെ ഭയഭക്തി. അവർ പേരോ, പെരുമയോ നേതൃത്വമോ സ്ഥാനമാനങ്ങളോ ആഗ്രഹിച്ചില്ല. അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെന്നതും അല്ലാഹുവിന്റെ രാജാധിപത്യം ഭൂമിയിൽ സ്ഥാപിതമാക്കണമെന്നതും മാത്രമായിരുന്നു അവരുടെ ലക്ഷ്യം. ചുരുക്കത്തിൽ ഈ ആളുകൾ നമുക്ക് ഉത്തമമാതൃകയാകുന്നു. എല്ലാ ഭാരവാഹിയും മറിച്ച് ഒരോ അഹ്മദിയും ഇക്കാര്യം തങ്ങളുടെ മുന്നിൽവയ്ക്കേണ്ടതാണ്. സിറിയയിലെ ആളുകൾ വ്യത്യസ്തമതാനുയായികളായിരുന്നു. ഭാഷകളും വ്യത്യസ്തമായിരുന്നു. വംശങ്ങളും വ്യത്യസ്തമായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് അവർക്കിടയിൽ നീതിയും സമത്വവും ഉണ്ടാക്കുകയും ആഭ്യന്തരസമാധാനവും ശാന്തിയും പുനഃസ്ഥാപിക്കുകയും ചെയ്തു. എല്ലാവർക്കും മതസ്വാതന്ത്ര്യം അനുവദിച്ചു. ഹദ്റത്ത് അബൂഉബയ്ദയുടെ പരിശ്രമഫലമായി സിറിയയിൽ വസിച്ചിരുന്ന ക്രിസ്തുമതാനുയായികൾ ഇസ്ലാമിന്റെ മടിത്തട്ടിലേക്ക് വന്നു.

ഹുസൂർ അൻവർ പറയുന്നു: ബൈത്തുൽ മുഖദ്ദസ് വിജയവും വിവരിക്കുന്നതാണ്. അതിനും ഹദ്റത്ത് അബൂ ഉബയ്ദയുമായി ബന്ധമുണ്ട്. ഹദ്റത്ത് അംറ് ബിന് ആസിന്റെ നേതൃത്വത്തിൽ ഇസ്ലാമികസൈന്യം പലസ്തീനിലേക്ക് മുന്നേറി. അവർ പലസ്തീനിലെ പട്ടണങ്ങൾ വിജയിച്ചടക്കി, ബയ്ത്തുൽ മുഖദ്ദസ് വളഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദയുടെ സൈന്യം അവരെ കണ്ടുമുട്ടി. ക്രിസ്ത്യാനികൾ ഉപരോധത്തിൽ വീർപ്പുമുട്ടി സുൽഹ് (രഞ്ജിപ്പ്)ന് മുന്നോട്ടിറങ്ങി. എന്നാൽ ഹദ്റത്ത് ഉമർ തന്നെ വന്ന് സുൽഹിനുള്ള ഉടമ്പടി ചെയ്യണമെന്ന് അവർ നിബന്ധനയും വച്ചു. ഹദ്റത്ത് അബൂ ഉബയ്ദ, ക്രിസ്ത്യാനികളുടെ ഈ അഭിപ്രായം ഹദ്റത്ത് ഉമറിന് എത്തിച്ചു. ഹദ്റത്ത് ഉമർ, ഹിജ്റി 16-ാം വർഷം റബീഉൽ അവ്വൽ മാസത്തിൽ മദീനയിൽ നിന്ന് പുറപ്പെട്ടു. അദ്ദേഹം ഡമസ്കസിലെ ഗ്രാമീണപ്രദേശമായ ജാബിയയിൽ എത്തി. അവിടെ ഉണ്ടായിരുന്ന സൈന്യാധിപന്മാർ അദ്ദേഹത്തെ വരവേറ്റു. അദ്ദേഹം ചോദിച്ചു: എന്റെ സഹോദരൻ എവിടെ? ജനങ്ങൾ ചോദിച്ചു: യാ അമീറൽ മുഅ്മിനീൻ! അങ്ങ് ആരെയാണ് ഉദ്ദേശിക്കുന്നത്? അദ്ദേഹം പറഞ്ഞു: അബൂ ഉബയ്ദയെ. ജനങ്ങൾ പറഞ്ഞു: ഇപ്പോൾ വരും. ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് അബൂ ഉബയ്ദ ഒട്ടകപ്പുറത്ത് കയറി അവിടെഎത്തി. അദ്ദേഹം സലാം ചൊല്ലി. സുഖവിവരങ്ങൾആരാഞ്ഞു. ഹദ്റത്ത് ഉമർ, മറ്റെല്ലാവരോടും പിരിഞ്ഞു പോകാൻ നിർദേശിക്കുകയും ഹദ്റത്ത് അബൂ ഉബയ്ദയോടൊപ്പം അദ്ദേഹത്തിന്റെ

താമസസ്ഥലത്ത് എത്തുകയുംചെയ്തു. അവിടെ ഒരു വാളും പരിചയും പായയും ഒരു പാത്രവുമല്ലാതെ മറ്റൊന്നും കണ്ടില്ല. ഹദ്റത്ത് ഉമർ പറഞ്ഞു: അബൂ ഉബയ്ദ! കുറച്ച് സാധനങ്ങൾ സംഘടിപ്പിച്ചു തരാം. ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു: യാ അമീറൽ മുഅ്മിനീൻ! അതെല്ലാം നമ്മളെ സുഖസൗകര്യങ്ങളിലേക്ക് തിരിക്കുന്നതാണ്.

അർബാസ് ബിൻ സാരിയ പറയുന്നു: ഹദ്റത്ത് അബൂ ഉബയ്ദ പ്ലേഗ് കാരണം രോഗാതുരനായപ്പോൾ ഞാൻ അദ്ദേഹത്തിന്റെ സവിധത്തിലെത്തി. ഹദ്റത്ത് അബൂ ഉബയ്ദ എന്നോട് പറഞ്ഞു; ഞാൻ റസൂലുല്ലാഹ്(സ) ഇങ്ങനെ പറയുന്നതായി കേട്ടിട്ടുണ്ട്. പ്ലേഗ് മുഖേന മരിക്കുന്നവൻ ശഹീദാകുന്നു. ഉദരസംബന്ധമായ രോഗം കാരണം മരിക്കുന്നവൻ ശഹീദാകുന്നു. മുങ്ങിമരിക്കുന്നവൻ ശഹീദാകുന്നു. മേൽക്കൂര തകർന്ന് അതിനടിയിൽ പെട്ട് മരിക്കുന്നവൻ ശഹീദാകുന്നു. ഹദ്റത്ത് അബൂ ഉബയ്ദയുടെ അന്ത്യനിമിഷങ്ങൾ എത്തിയപ്പോൾ ജനങ്ങളോട് പറഞ്ഞു: അല്ലാഹു മനുഷ്യകുലത്തിന് മരണം വിധിച്ചിരിക്കുന്നു. എല്ലാവരും മരിക്കുന്നതാണ്. മരണത്തിനായി തയ്യാറായിരിക്കുന്നവൻ, ആ ദിവസത്തിനുവേണ്ടി തയ്യാറെടുപ്പു നടത്തുന്നവൻ ബുദ്ധിമാനാകുന്നു. അമീറുൽ മുഅ്മിനീന് എന്റെ സലാം പറയുക. ഞാൻ എല്ലാ അമാനത്തുകളെയും (സൂക്ഷിപ്പുമുതലുകളെയും ഉത്തരവാദിത്വങ്ങളെയും)യഥാവിധി നിറവേറ്റിയെന്ന് അറിയിക്കുക. തുടർന്ന് ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു: എന്നെ എന്റെ തീരുമാനപ്രകാരം ഇവിടെത്തന്നെ ഖബറടക്കുക. അങ്ങനെ ജോർഡാനിലെ താഴ്വരയിലാണ് അദ്ദേഹത്തിന്റെ ഖബർ ഉള്ളത്. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് ഹിജ്റി 18 ലാണ് വഫാത്തായത്. അപ്പോൾ അദ്ദേഹത്തിന് 58 വയസ് പ്രായമുണ്ടായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ വഫാത്തായപ്പോൾ ഹദ്റത്ത് മുആദ് ജനങ്ങളോട് പറഞ്ഞു: ഇന്ന് നമ്മളിൽ നിന്ന് വിടപറഞ്ഞ മഹാനേക്കാളും ശുദ്ധഹൃദയനും വെറുപ്പില്ലാത്തവനും ജനങ്ങളെ സ്നേഹിക്കുന്നവനും അവരുടെ അഭ്യുദയകാംക്ഷിയുമായിട്ടുള്ള ആരെയും ഞാൻ കണ്ടിട്ടില്ല. അല്ലാഹു അദ്ദേഹത്തോട് കരുണ ചെയ്യാൻ ദുആചെയ്യുക.

ഒരിക്കൽ ഹദ്റത്ത് ഉമർ, തന്റെ സുഹൃത്തുക്കളോട് പറഞ്ഞു: ഈ വീട് ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, ഹദ്റത്ത് മആദ് ബിൻ ജബൽ, അബൂ ഹുദയ്ഫ സ്വതന്ത്രനാക്കിയ സാലിം, ഹദ്റത്ത് ഹുദയ്ഫ ബിൻ യമാൻ എന്നിവരെപ്പോലുള്ള ആളുകൾകൊണ്ട് നിറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ ലോകത്തും പരലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിയ ഇവർ എത്രമാത്രം അനുഗൃഹീതരാകുന്നു.

ഹുസൂർ അൻവർ പറയുന്നു: ഇന്ന് ഇദ്ദേഹത്തെ സംബന്ധിച്ച അനുസ്മരണം ഇവിടെ അവസാനിപ്പിക്കുകയാണ്. ഏതാനും ജനാസകൾ നമസ്കരിക്കുന്നതാണ്. അവരെ അനുസ്മരിക്കുന്നതാണ്. ഒന്ന് നമ്മുടെ ശഹീദ് ആകുന്നു. അദ്ദേഹം അതായത് പ്രൊഫസർ ഡോക്ടർ നഈമുദ്ദീൻ ഖട്ടക്ക് സാഹിബ് s/o അഫ്സൽ ദീൻ ഖട്ടക്ക് സാഹിബ് പിശാവർ ജില്ല, കഴിഞ്ഞ ദിവസമാണ് ശഹീദായത്. ഒക്ടോബർ 5 ന് ശത്രുക്കൾ അദ്ദേഹത്തെ വെടിവെച്ച് ശഹീദാക്കി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ*. ശഹീദിന് 56 വയസ്സായിരുന്നു. അല്ലാഹു മർഹൂമിന് പൊറുത്തുകൊടുക്കുകയും കരുണ ചൊരിയുകയും സന്തപ്തകുടുംബത്തിന് സഹനം നൽകുകയും ചെയ്യുമാറാകട്ടെ.

അതിനുശേഷം ഹുസൂർ അൻവർ, ജർമ്മനി ജാമിഅ അഹ്മദിയ്യാ വിദ്യാർത്ഥി ഉസാമ സ്വാദിഖ്, ബഹുമാനപ്പെട്ട സലീം അഹ്മദ് മലിക് സാഹിബ് എന്നിവരുടെ സ്വഭാവ മഹിമകൾ വിവരിക്കുകയും അവരുടെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്യുകയും ചെയ്തു. ശേഷം ഹുസൂർ പറഞ്ഞു: നമസ്കാരത്തിന് ശേഷം ഞാൻ ഇവരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 09.10.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516